ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 30.10.2025**

## പ്രധാനവാർത്തകൾ

1) തീവ്ര വോട്ടർപട്ടിക പരിഷ്കരണ നടപടികൾക്ക് സംസ്ഥാനത്ത് തുടക്കമായി. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം നിർവഹിച്ചു.

2) മുഖ്യമന്ത്രി പിണറായി വിജയൻറെ ഖത്തർ സന്ദർശനം പുരോഗമിക്കുന്നു. മലയാളോത്സവത്തിൽ മുഖ്യമന്ത്രി ഇന്ന് പങ്കെടുക്കും.

3) വികസന കാര്യത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ യോജിച്ചാണ് പ്രവർത്തിക്കുന്നതെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ.

4) രാഷ്ട്രീയ ഏക്താ ദിവസ് ആഘോഷങ്ങൾക്കൊരുങ്ങി രാജ്യം. ഐക്യത്തിനായുള്ള കൂട്ടയോട്ടം രാജ്യത്തുടനീളം നാളെ സംഘടിപ്പിക്കും.

5) സർക്കാർ മേഖലയിലെ ലാബുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള നിർണയ ലബോറട്ടറി ശൃംഖലയ്ക്ക് സംസ്ഥാനത്ത് തുടക്കമായി. ഉദ്ഘാടനം ആരോഗ്യ മന്ത്രി വീണാ ജോർജ് നിർവഹിച്ചു

**6)** ഐ.സി.സി വനിതാ ലോകകപ്പ് ക്രിക്കറ്റ് സെമിയിൽ ഇന്ത്യ - ഓസ്ട്രേലിയയെ നേരിടുന്നു.

*********************************

RNU TVPM

## എസ്.ഐ.ആർ - ഗവർണർ

തീവ്ര വോട്ടർപട്ടിക പരിഷ്കരണ നടപടികൾക്ക് സംസ്ഥാനത്ത് തുടക്കമായി. രാജ്ഭവനിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം നിർവഹിച്ചു. മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ സാന്നിധ്യത്തിൽ, ആദ്യ എന്യൂമറേഷൻ ഫോം ബൂത്ത് ലെവൽ ഓഫീസർ, ഗവർണർക്ക് കൈമാറി. പുതുക്കിയ അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കുമ്പോൾ അർഹരായ ആരേയും ഒഴിവാക്കിയിട്ടില്ല എന്ന് ഉറപ്പാക്കണമെന്ന് ഗവർണർ നിർദ്ദേശിച്ചു. എസ്.ഐ.ആർ. പ്രക്രിയ വേഗത്തിലും കുറ്റമറ്റ രീതിയലും പൂർത്തീകരിക്കുന്നതിന് എല്ലാ ജനങ്ങളും സഹകരിക്കണമെന്നും ഗവർണർ അഭ്യർത്ഥിച്ചു.

RNU TVPM

********************************

## മുഖ്യമന്ത്രി -- ഖത്തർ

ലോക കേരള സഭയും മലയാളം മിഷനും ചേർന്ന് ഖത്തറിൽ സംഘടിപ്പിക്കുന്ന മലയാളോത്സവം മുഖ്യമന്ത്രി പിണറായി വിജയൻ അൽപസമയത്തിനകം ഉദ്ഘാടനം ചെയ്യും. ഐഡിയൽ ഇന്ത്യൻ സ്കൂളിലാണ് പരിപാടി നടക്കുന്നത്. ഏകദിന സന്ദർശനത്തിനായി ഇന്ന് ഖത്തറിൽ എത്തിച്ചേർന്ന മുഖ്യമന്ത്രിയെ ഇന്ത്യൻ അംബാസഡർ വിപുൽ, ലോക കേരള സഭാംഗങ്ങൾ തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു.

********************************

## ഏക്താ ദിവസ്

രാഷ്ട്രീയ ഏക്താ ദിവസ് ആഘോഷങ്ങൾക്കൊരുങ്ങി രാജ്യം. ഇന്ത്യയുടെ ഉരുക്ക് മനുഷ്യനായ സർദാർ വല്ലഭ് ഭായ് പട്ടേലിൻറെ ജന്മവാർഷികമാണ് രാജ്യം രാഷ്ട്രീയ ഏക്താ ദിവസായി

ആഘോഷിക്കുന്നത്. ഗുജറാത്തിൽ നാളെ നടക്കുന്ന ആഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കും. ഏകതാ പ്രതിമയിൽ അദ്ദേഹം നാളെ പുഷ്പാർച്ചന നടത്തും. ഏകതാ ദിവസ് പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്ന പ്രധാനമന്ത്രി, ഏകതാ പരേഡിനും സാക്ഷ്യം വഹിക്കും. ഏക് ഭാരത്, ശ്രേഷ്ഠ് ഭാരത് എന്ന ആശയത്തെ അടിസ്ഥാനമാക്കിയുള്ള പരേഡിൽ അർദ്ധ സൈനിക വിഭാഗങ്ങളും, പോലീസ് സേനയും അണിനിരക്കും.

*********************************

## യൂണിറ്റി പദയാത്ര

സർദാർ വല്ലഭായ് പട്ടേലിന്റെ 150-ാം ജന്മവാർഷികാഘോഷങ്ങളുടെ ഭാഗമായി, യുവജനകാര്യ കായിക മന്ത്രാലയം രാജ്യത്തെ എല്ലാ ജില്ലകളിലും നാളെ മുതൽ നവംബർ 25 വരെ **യൂണിറ്റി മാർച്ച് പദയാത്രകൾ** സംഘടിപ്പിക്കും. തിരുവനന്തപുരത്ത് നാളെ നടക്കുന്ന പദയാത്ര ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഫ്ലാഗ് ഓഫ് ചെയ്യും. രാവിലെ 7.30 ന് കവടിയാർ വിവേകാനന്ദ പ്രതിമക്ക് സമീപത്തു നിന്ന് ആരംഭിക്കുന്ന പദയാത്ര സെൻട്രൽ സ്റ്റേഡിയത്തിലാണ് സമാപിക്കുന്നത്. കേരള പോലീസും നാളെ സംസ്ഥാനത്തുടനീളം ഐക്യത്തിനായുള്ള കൂട്ടയോട്ടം സംഘടിപ്പിക്കും.

RNU TVPM

*********************************

## ജോർജ് കുര്യൻ-ശിലാസ്ഥാപനം (ഇൻട്രോ)

വികസന കാര്യത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ യോജിച്ചാണ് പ്രവർത്തിക്കുന്നതെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. കാസർകോട് കേന്ദ്ര സർവകലാശാലയുടെ പുതിയ അക്കാദമിക് ബ്ലോക്കിന്റെ ശിലാസ്ഥാപനം

നിർവഹിക്കുകയായിരുന്നു അദ്ദേഹം . ന്യൂനപക്ഷ ക്ഷേമത്തിന് കേന്ദ്രം വളരെയധികം പ്രാധാന്യം നൽകുന്നതായും മന്ത്രി പറഞ്ഞു.

(ഹോൾഡ്)

കൊച്ചി വെളിയനാട് ചിന്മയ വിശ്വ വിദ്യാപീഠത്തിൽ നടക്കുന്ന യൂണിറ്റി മാർച്ചിൽ ശ്രീ ജോർജ് കുര്യൻ നാളെ പങ്കെടുക്കും. അഞ്ചാമത് ദേശീയ മറൈൻ ഫിഷറീസ് സെൻസസ് ഭവനതല വിവരശേഖരണത്തിന്റെ ഔദ്യോഗിക ഉദ്ഘാടനവും കൊച്ചി സിഎംഎഫ്ആർഐ-യിൽ അദ്ദേഹം നാളെ നിർവഹിക്കും.

*********************************

## പ്രത്യേക നിയമസഭാ സമ്മേളനം

പതിനഞ്ചാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനം നവംബർ ഒന്നിന്. കേരളപ്പിറവി ദിനത്തിലാണ് നിയമസഭ പ്രത്യേക സമ്മേളനം ചേരുന്നത്.

RNU TVPM

*********************************

## അതിദാരിദ്ര്യ മുക്തം

കേരളം രാജ്യത്തെ ആദ്യത്തെ അതിദാരിദ്ര്യമുക്ത സംസ്ഥാനമാകുന്നതിൻറെ പ്രഖ്യാപനം മുഖ്യമന്ത്രി പിണറായി വിജയൻ മറ്റന്നാൾ തിരുവനന്തപുരത്ത് നിർവഹിക്കും. സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കുന്ന പരിപാടിയിൽ ചലച്ചിത്ര താരങ്ങളായ കമൽഹാസൻ, മമ്മൂട്ടി, മോഹൻലാൽ എന്നിവർ മുഖ്യാതിഥികളാവും. 59,277 കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിച്ചാണ് കേരളം ഈ ലക്ഷ്യം കൈവരിച്ചത്.

*********************************

## ലബോറട്ടറി- മന്ത്രി വീണാ ജോർജ്

സർക്കാർ മേഖലയിലെ ലാബുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള നിർണയ ലബോറട്ടറി ശൃംഖലയുടെ ഉദ്ഘാടനം ആരോഗ്യ മന്ത്രി വീണാ ജോർജ് നിർവഹിച്ചു. സമഗ്ര ലബോറട്ടറി പരിശോധനകൾ താഴെത്തട്ടിൽ ഉറപ്പ് വരുത്തുന്നതിനായാണ് ഈ സംവിധാനം ഏർപ്പെടുത്തുന്നത്. സൗജന്യമായോ മിതമായ നിരക്കിലോ വീടിന് തൊട്ടടുത്ത് പരിശോധന നടത്താൻ ഇതിലൂടെ സൗകര്യം ലഭിക്കും.

*********************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

RNU TVPM

*********************************

## എസ്.എസ്.എൽ.സി. - ഫീസ്

2025-26 അധ്യയന വർഷത്തെ എസ്.എസ്.എൽ.സി പരീക്ഷയ്ക്കുള്ള ഫീസ് നവംബർ 12 മുതൽ 19 വരെ അടക്കാം. പിഴയോടുകൂടി നവംബർ 21 മുതൽ 26 വരെയും പരീക്ഷാ കേന്ദ്രങ്ങളിൽ ഫീസ് സ്വീകരിക്കുന്നതാണ്.

*********************************

## ഹെൽപ്പ് ഡെസ്ക് - എസ്.ഐ.ആർ

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായി തിരുവനന്തപുരം കളക്ടറേറ്റിൽ ആരംഭിച്ച ഹെൽപ്പ് ഡെസ്ക് ജില്ലാ കളക്ടർ അനു കുമാരി ഉദ്ഘാടനം ചെയ്തു. എസ്.ഐ.ആർ സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള സംശയങ്ങൾ ദുരീകരിക്കുക, ആവശ്യമായ സഹായങ്ങൾ നൽകുക എന്നിവയാണ് ഹെൽപ്പ് ഡെസ്കിന്റെ ഉദ്ദേശം. കളക്ടറേറ്റിലെ ഇലക്ഷൻ വിഭാഗത്തിൽ

രാവിലെ 9 മുതൽ രാത്രി 9 വരെയാണ് ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നത്.

**********************************

## സ്വർണ്ണ കവർച്ച-റിമാൻഡിൽ

ശബരിമല സ്വർണ്ണ കവർച്ച കേസിലെ ഒന്നാം പ്രതി ഉണ്ണികൃഷ്ണൻ പോറ്റിയെ റാന്നി കോടതി റിമാൻഡ് ചെയ്തു. റിമാൻഡ് കാലാവധി അവസാനിച്ചതോടെ പ്രത്യേക അന്വേഷണ സംഘം ഇന്ന് കോടതിയിൽ ഹാജരാക്കുകയായിരുന്നു.

**********************************

## അടിമാലി -പട്ടിണി സമരം

മണ്ണിടിച്ചിൽ ദുരന്തത്തെ തുടർന്ന് ഇടുക്കി അടിമാലിയിൽ ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറ്റിയ കുടുംബങ്ങൾ പട്ടിണി സമരം നടത്തി. പുനരധിവാസ കാര്യത്തിൽ തീരുമാനം ഉണ്ടാകാത്ത സാഹചര്യത്തിലാണ് പ്രതിഷേധം. തുടർന്ന് ജില്ലാ കളക്ടറുമായി നടത്തിയ ചർച്ചയിൽ സമരം താൽക്കാലികമായി അവസാനിപ്പിച്ചു. നാളെ റവന്യൂ മന്ത്രി കെ രാജന്റെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേരുന്ന യോഗത്തിൽ പ്രശ്ന പരിഹാരം ഉണ്ടാകുമെന്ന് കളക്ടർ ഉറപ്പു നൽകി

RNUTVPM

**********************************

## കൊളുന്തെടുക്കൽ മത്സരം-ഇടുക്കി (ഇൻട്രോ)

മൂന്നാറിലെ തേയിലത്തോട്ടം തൊഴിലാളികൾക്കായി സംഘടിപ്പിച്ച കൊളുന്തെടുക്കൽ മത്സരം ശ്രദ്ധേയമായി. വിവിധ എസ്റ്റേറ്റുകളിൽ നിന്നും തിരഞ്ഞെടുത്ത തൊഴിലാളികളെ പങ്കെടുപ്പിച്ചു കൊണ്ടായിരുന്നു മത്സരം.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....**

(വോയ്സ്)

**********************************

## ആറാട്ട് ഘോഷയാത്ര

തിരുവനന്തപുരം ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ അൽപശി ഉത്സവത്തിന് സമാപനം കുറിച്ചുകൊണ്ടുള്ള ആറാട്ട് ഘോഷയാത്ര പുരോഗമിക്കുന്നു. വൈകുന്നേരം 5 മണിയോടെ പടിഞ്ഞാറേ നടയിൽ നിന്ന് ആരംഭിച്ച ഘോഷയാത്ര തിരുവനന്തപുരം വിമാനത്താവളത്തിനുള്ളിലൂടെയാണ് കടന്നുപോകുന്നത്. ഇതിന്റെ ഭാഗമായി നിലവിൽ റൺ വേ അടച്ചിട്ടിരിക്കുകയാണ്. രാത്രി 9 വരെ വിമാന സർവീസുകൾക്ക് നിയന്ത്രണവുമുണ്ട്.

**********************************

## ബോധവത്ക്കരണ പരിപാടി

കേന്ദ്രസർക്കാർ സ്ഥാപനമായ സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ തിരുവനന്തപുരം അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്തിൽ സംയോജിത ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു. ക്ലാസ്സുകൾ, കലാപരിപാടികൾ, സൗജന്യ ഹോമിയോ മെഡിക്കൽ ക്യാമ്പ് എന്നിവ പരിപാടിയുടെ ഭാഗമായി നടന്നു

**********************************

RNU TVPM

## വനിതാ ലോകകപ്പ്

ഐസിസി വനിതാ ക്രിക്കറ്റ് ലോകകപ്പ് സെമിയിൽ ഇന്ത്യ - ഓസ്ട്രേലിയയെ നേരിടുന്നു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഓസിസ് 48.2 ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ 331 റൺസ് എടുത്തിട്ടുണ്ട്. ഇന്നത്തെ മത്സര വിജയികൾ, നവംബർ രണ്ടിന് നടക്കുന്ന ഫൈനലിൽ ദക്ഷിണാഫ്രിക്കയുമായി ഏറ്റുമുട്ടും.

*********************************

## ട്വന്റി 20 ക്രിക്കറ്റ്

ഇന്ത്യ - ഓസ്ട്രേലിയ ട്വൻറി- 20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം നാളെ. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1.45ന് മെൽബണിലാണ് മത്സരം. ആദ്യ മത്സരം ഇന്നലെ മഴ മൂലം ഉപേക്ഷിച്ചിരുന്നു.

*********************************

## സുവോളജിക്കൽ പാർക്ക് പ്രവേശനം

തൃശൂർ, പുത്തൂർ സുവോളജിക്കൽ പാർക്കിലേക്ക് പ്രവേശനത്തിനുള്ള മുൻകൂർ രജിസ്ട്രേഷൻ ആരംഭിച്ചു. നവംബർ ഒന്ന് മുതലാണ് പ്രവേശനം. നിലവിൽ സ്കൂൾ, കോളേജ് വിദ്യാർഥികൾക്ക് മാത്രമായി പ്രവേശനം പരിമിതിപ്പെടുത്തിയിട്ടുണ്ട്.

*********************************

## മാനനഷ്ടക്കേസ്-രാജീവ് ചന്ദ്രശേഖർ

വ്യാജവാർത്ത നൽകിയ സ്വകാര്യ ചാനലിനെതിരെ 100 കോടി രൂപയുടെ മാനനഷ്ടക്കേസ് നൽകി ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. ചാനൽ ഉടമ ഉൾപ്പെടെ 9 പേർക്കെതിരെയാണ് കേസ്. ഭൂമിയിടപാടുമായി

RNU TVPM

ബന്ധപ്പെടുത്തി, അധിക്ഷേപിക്കുന്ന തരത്തിലുള്ള വാർത്തകൾ സംപ്രേക്ഷണം ചെയ്തതിനാണ് കേസ്.

*********************************

## പി എം ശ്രീ - പ്രിയങ്ക ഗാന്ധി

പി എം ശ്രീ വിഷയത്തിൽ സംസ്ഥാന സർക്കാർ നിലപാടിൽ വ്യക്തതയില്ല എന്ന് വയനാട് എംപി പ്രിയങ്ക ഗാന്ധി . കൽപ്പറ്റയിൽ മാധ്യമങ്ങളുമായി സംസാരിക്കുകയായിരുന്നു എംപി .

*********************************

## ചീനിക്കുഴി- വധശിക്ഷ

ഇടുക്കിലെ ചീനിക്കുഴിയിൽ സ്വത്ത് തർക്കത്തെ തുടർന്ന് മകനെയും മകന്റെ ഭാര്യയെയും രണ്ട് കൊച്ചുമക്കളെയും കൊലപ്പെടുത്തിയ കേസിലെ പ്രതിക്ക് വധശിക്ഷ. ആലിയകുന്നേൽ ഹമീദിനെയാണ് തൊടുപുഴ മുട്ടം സെഷൻസ് കോടതി വധശിക്ഷക്ക് വിധിച്ചത്.

*********************************

## മന്ത്രി വി. വാസവൻ

കലയും സാഹിത്യവും രൂപപ്പെടുത്തുന്നതിൽ ക്ഷേത്ര കലകൾക്ക് വലിയ സ്ഥാനമുണ്ടെന്ന് മന്ത്രി വി.എൻ വാസവൻ. കേരള ക്ഷേത്രകലാ അക്കാദമിയുടെ 2023-24 വർഷത്തെ അവാർഡ് വിതരണം കണ്ണൂർ മാടായിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കവിയും ഗാനരചയിതാവുമായ ശ്രീകുമാരൻ തമ്പിക്ക് ക്ഷേത്ര കലാശ്രീ പുരസ്കാരം മന്ത്രി സമ്മാനിച്ചു.

*********************************

RNU TVPM

## കെ എൻ ബാലഗോപാൽ -വിഷൻ 2031

ലോകത്തെ മാറുന്ന തൊഴിൽ സാഹചര്യങ്ങളെ നേരിടാൻ കേരളത്തിനാകണമെന്ന് ധന മന്ത്രി കെ എൻ ബാലഗോപാൽ. തൊഴിൽ വകുപ്പിന്റെ വിഷൻ 2031 സംസ്ഥാനതല സെമിനാർ കൊല്ലത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഗിഗ് ഇക്കോണമി പോലുള്ള തൊഴിൽരീതികൾ വർദ്ധിക്കുന്ന കാലത്ത് സുരക്ഷിതവും മാന്യവുമായ തൊഴിൽ അന്തരീക്ഷം ഉറപ്പാക്കേണ്ടത് അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു .

*******************************************************************************************
************

RNU TVPM